# കേരള സർവകലാശാല

നം. പി.ആർ.083/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള : ഡിഗ്രി പ്രവേശനം - ഹെൽപ് ലൈൻ നമ്പരുകൾ

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ (ഗവ., എയ്ഡഡ്, സ്വാശ്രയ), യു.ഐ.ടി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിൽ ഒന്നാംവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2016-17) പ്രവേശനത്തിന് ഓൺലൈൻ (www.admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു. 0471-2304631, 2386296, 8281883052, 8281883053 എന്നീ ഹെൽപ് ലൈൻ നമ്പരുകളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ ബന്ധപ്പെടാം.

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ആറ് വരെ അപേക്ഷിക്കാം.

## എം.എൽ.ഐ.എസ്സി തീസിസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എൽ.ഐ.എസ്സി (2014-15 ബാച്ച്) കോഴ്സിന്റെ തീസിസ് ജൂൺ 15-നകം 750 രൂപ ഫീസ് അടച്ച രസീതോടുകൂടി കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം.

## എൽ.എൽ.ബി മേഴ്സി ചാൻസ് അനുവദിച്ചു

കേരള സർവകലാശാല എൽ.എൽ.ബി പഞ്ചവത്സരം (2002 സ്കീം - 2003 & 2004 അഡ്മിഷൻ) കോഴ്സ് നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്തവർക്ക് പരാജയപ്പെട്ട വിഷയങ്ങൾ ഈ അടുത്ത അവസരത്തിൽ എഴുതുവാനുള്ള ഒരു മേഴ്സി ചാൻസ് അനുവദിച്ചു. പ്രസ്തുത സർവകലാശാല ഉത്തരവ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി പരീക്ഷ മാറ്റി

കേരള സർവകലാശാല മേയ് 27-ന് തുടങ്ങാനിരുന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം), ആറാം സെമസ്റ്റർ (ത്രിവത്സരം) (2011- 12ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷ ജൂൺ മൂന്നിന് തുടങ്ങും.

## കൗൺസലിംഗ് സൈക്കോളജി : ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സ് ഇന്റർവ്യൂ മേയ് 30 രാവിലെ 11 മണിക്ക് പി.എം.ജിയിലെ ഓഫീസിൽ നടത്തും. അപേക്ഷകർക്കെല്ലാം അറിയിപ്പ് നൽകിയിട്ടുണ്ട്. സീറ്റുകൾ ഒഴിവുവന്നാൽ അപേക്ഷ സമർപ്പിക്കാത്തവരേയും പരിഗണിക്കും. അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. യോഗ്യത ബിരുദം. ഫീസ് 16500/- രൂപ. കാലാവധി ഒരു വർഷം. പ്രായപരിധിയില്ല. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടത്തും.

## എൽ.എൽ.എം/എം.ബി.എൽ പരീക്ഷ മാറ്റി

കേരള സർവകലാശാല മേയ് 26 മുതൽ തുടങ്ങാനിരുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം, എം.ബി.എൽ പരീക്ഷകൾ ജൂൺ ആറിലേക്ക് മാറ്റി. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി.ഡി.എച്ച്.ആർ പരീക്ഷ

കേരള സർവകലാശാല ജൂൺ 10-ന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 30 (50 രൂപ പിഴയോടെ ജൂൺ ഒന്ന്, 250 രൂപ പിഴയോടെ ജൂൺ രണ്ട്) വരെ അപേക്ഷിക്കാം.

## എം.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല മേയ് 23-ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം & പാർട്ട് ടൈം - റഗുലർ & സപ്ലിമെന്ററി - 2013 സ്കീം) (1. കമ്പ്യൂർ സയൻസ് & എൻജിനീയറിംഗ് ബ്രാഞ്ച് - ആർ.സി.സി.1002 - ടോപ്പിക്സ് ഇൻ ഡേറ്റാ ബേസ് ടെക്നോളജി (2013 അഡ്മിഷൻ), 2. സിവിൽ എൻജിനീയറിംഗ് ബ്രാഞ്ച് - സി.എസ്.സി 1002 - അഡ്വാൻസ്ഡ് തിയറി & ഡിസൈൻ ഓഫ് ആർ.സി സ്ട്രക്ച്ചർസ്) പരീക്ഷകൾ മേയ് 25-ലേക്ക് മാറ്റി.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്, ട്രാൻസിറ്ററി & മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 30 (50 രൂപ പിഴയോടെ ജൂൺ ഒന്ന്, 250 രൂപ പിഴയോടെ ജൂൺ മൂന്ന്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ജൂണിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന നാലാം സെമസ്റ്റർ 2013 സ്കീം പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ഫലം

കേരള സർവകലാശാല 2015 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം & പാർട്ട് ടൈം - റഗുലർ (ഈവനിംഗ് - 2009 സ്കീം - സപ്ലിമെന്ററി മാത്രം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
23.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098